# കേരള നിയമസഭ
# 21.12.2012-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം
2012 ഡിസംബർ 21, വെള്ളി
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

<u>മറുപടി നൽകുന്ന മന്ത്രിമാർ</u>

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി

## <u>ബ്ലോക്ക് പഞ്ചായത്തുകളിലെ ക്ഷീരവികസന ഓഫീസ്</u>

*271 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബ്ലോക്ക് പഞ്ചായത്തുകളുടെ പുന:ക്രമീകരണം മുഖേന പുതുതായി നിലവിൽ വന്ന ബ്ലോക്ക് പഞ്ചായത്തുകളിലെല്ലാം ക്ഷീര വികസന യൂണിറ്റുകൾ നിലവിലുണ്ടോ; യൂണിറ്റ് ഇല്ലാത്ത ബ്ലോക്ക് പഞ്ചായത്തുകൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) ത്രിതല പഞ്ചായത്തുകളിൽ ക്ഷീര വികസന മേഖലയുമായി ബന്ധപ്പെട്ട പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ക്ഷീരവികസന ആഫീസ് ഇല്ലാത്ത ബ്ലോക്കുകളിൽ ബുദ്ധിമുട്ട് നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

**കേരള നിയമസഭ**
**21.12.2012-ലെ മറുപടിക്ക്**

(ഡി) ബ്ലോക്ക് പഞ്ചായത്തുകളുടെ പുന:ക്രമീകരണത്തിന്റെ ഭാഗമായി ഇല്ലാതായ ബ്ലോക്കുകളിലെ ക്ഷീരവികസന യൂണിറ്റുകൾ പുതുതായി നിലവിൽ വന്ന ബ്ലോക്കുകളിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>അന്യസംസ്ഥാനങ്ങളിൽ ജോലിചെയ്യുന്ന സ്ത്രീകളുടെ സുരക്ഷ</u>

T *272 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ ജോലിചെയ്യുന്ന മലയാളി സ്ത്രീകളുടെ സുരക്ഷയ്ക്കായി നടപടി കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കുന്നത്തൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പുത്തൂർ സ്വദേശിയായ ശ്രീമതി. വിജയമ്മയെ ഉത്തർപ്രദേശിലെ റായിബറേലി എന്ന സ്ഥലത്തു നിന്നും തട്ടികൊണ്ടു പോയി കൊലചെയ്ത സംഭവത്തിൽ എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്;

(സി) പ്രസ്തുത കുടുംബത്തിന് നാളിതുവരെ എന്ത് സഹായമാണ് നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 21.12.2012–ലെ മറുപടിക്ക്

അഡ്വര്‍ടൈസിംഗ് ചട്ടങ്ങള്‍

*273 ശ്രീ. സി. മോയിന്‍കുട്ടി
,, കെ.എന്‍.എ. ഖാദര്‍
,, എം. ഉമ്മര്‍
,, കെ.എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 1995–ലെ കേബിള്‍ ടി.വി നെറ്റ് വര്‍ക്ക് ആക്ടിലെ അഡ്വര്‍ടൈസിംഗ് ചട്ടങ്ങള്‍ പരിശോധിക്കുന്നതിന് സംസ്ഥാനതലത്തില്‍ നിയമിച്ച മോണിറ്ററിംഗ് സമിതി നിലവില്‍ വന്നശേഷം എന്തെല്ലാം പ്രവര്‍ത്തനങ്ങള്‍ നടത്തിയിട്ടുണ്ട്; വിശദവിവരം നല്കാമോ;

(ബി) പ്രസ്തുത വിഷയത്തില്‍ ജില്ലാതല സമിതികള്‍ പ്രവര്‍ത്തിക്കുന്നുണ്ടോ; എങ്കില്‍ അവയുടെ ചുമതലകള്‍ സംബന്ധിച്ച വിശദവിവരം നല്കുമോ;

(സി) പ്രസ്തുത സമിതികളുടെ പ്രവര്‍ത്തന ഫലമായി നിയമലംഘനം സംബന്ധിച്ച് എത്ര കേസുകള്‍ രജിസ്റ്റര്‍ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; അവയുടെ പ്രവര്‍ത്തനം കാര്യക്ഷമമാക്കാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.12.2012–ലെ മറുപടിക്ക്

<u>വീടുകളിൽ മാലിന്യം സംസ്കരിക്കുന്നവർക്ക് നികുതിയിളവ്</u>

*274 ശ്രീ. എം. പി. വിൻസെന്റ്
,, പി. എ. മാധവൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വീടുകളിൽ മാലിന്യം സ്വയം സംസ്കരിക്കുന്നതിന് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) മാലിന്യ സംസ്കരണം സ്വയം നടത്തുന്നവർക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇളവുകൾ നൽകാനുള്ള അധികാരം ആർക്കാണ് നൽകാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 21.12.2012–ലെ മറുപടിക്ക്

<u>കന്നുകാലി സമ്പത്ത്</u>

*275 ശ്രീ. ജി. എസ്. ജയലാൽ
,, സി. ദിവാകരൻ
,, ചിറ്റയം ഗോപകുമാർ
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കന്നുകാലികളുടെ എണ്ണത്തിൽ കുറവ് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണമെന്തെന്ന് പരിശോധിച്ചിട്ടുണ്ടോ; എന്തെങ്കിലും പരിഹാര മാർഗ്ഗങ്ങൾ കൈക്കൊള്ളുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കേരളത്തിൽ കാലി സമ്പത്ത് വർദ്ധിപ്പിക്കുന്നതിലേക്ക് എന്തെല്ലാം നടപടികളാണ് മുൻ സർക്കാർ കൈക്കൊണ്ടതെന്ന് വ്യക്തമാക്കുമോ;

(സി) കാലി സമ്പത്ത് കുറഞ്ഞിട്ടുണ്ടെങ്കിൽ അത് പാൽ ഉല്പാദനത്തെ എത്രത്തോളം ബാധിച്ചെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.12.2012–ലെ മറുപടിക്ക്

നാളികേര ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിനായി പദ്ധതി

*276 ശ്രീ. പാലോട് രവി
,, കെ. ശിവദാസൻ നായർ
,, ഡൊമിനിക് പ്രസന്റേഷൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാളികേര ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണവുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുളളത് ; വിശദമാക്കുമോ ;

(ബി) കരിക്കിന്റെ പ്രചാരണത്തിനായി പാർലർ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇവ നടപ്പാക്കാനുദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>പീപ്പിൾസ് ബയോ ഡൈവേഴ്സിറ്റി രജിസ്റ്റർ</u>
<u>തയ്യാറാക്കൽ പദ്ധതി</u>

*277 ശ്രീ. മുല്ലക്കര രത്നാകരൻ
''വി. എസ്. സുനിൽകുമാർ
''പി. തിലോത്തമൻ
''കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജൈവ വൈവിധ്യങ്ങളെക്കുറിച്ച് അറിവ് പകരുന്ന പീപ്പിൾസ് ബയോ ഡൈവേഴ്സിറ്റി രജിസ്റ്റർ (പി. ബി. ആർ) തയ്യാറാക്കൽ പദ്ധതി തടങ്ങിയതെന്നാണ്;

(ബി) ഇതിന് എന്ത് തുകയാണ് അനുവദിച്ചിരുന്നത്;

(സി) എത്ര പഞ്ചായത്തുകളിലെ പി. ബി. ആർ. തയ്യാറാക്കി, എത്ര പഞ്ചായത്തുകളിലെ പി. ബി. ആർ. കണക്കെടുപ്പ് നടന്നുവരുന്നു; ഇവയിലൂടെ എന്തൊക്കെ വിവരങ്ങളാണ് ശേഖരിക്കുന്നത്;

(ഡി) എത്ര പഞ്ചായത്തുകളുടെ പി. ബി. ആർ. ശേഖരിക്കുവാനുണ്ട്;

(എഫ്) 2011-12 സാമ്പത്തിക വർഷം ഇതിനാവശ്യമായ ഫണ്ട് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) പി. ബി. ആർ. കണക്കെടുപ്പ് ഫണ്ടില്ലാത്ത കാരണത്താൽ നിർത്തിവച്ചിരിക്കുന്നുവോ എന്ന് വ്യക്തമാക്കുമോ;

(എച്ച്) എങ്കിൽ ആവശ്യമായ ഫണ്ട് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 21.12.2012-ലെ മറുപടിക്ക്

**കോര്‍പ്പറേഷനുകളും മുനിസിപ്പാലിറ്റികളും നേരിടുന്ന സാമ്പത്തിക പ്രതിസന്ധി**

*278 ശ്രീ. വി. ശിവന്‍കുട്ടി
,, ജി. സുധാകരന്‍
,, എ. പ്രദീപ്കുമാര്‍
,, എസ്. രാജേന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കോര്‍പ്പറേഷനുകളും മുനിസിപ്പാലിറ്റികളും നേരിടുന്ന സാമ്പത്തിക പ്രതിസന്ധി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കില്‍ ഇതു സംബന്ധിച്ച പരിശോധന നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങള്‍ നല്‍കുമോ ;

(സി) കോര്‍പ്പറേഷന്‍ അതിര്‍ത്തിയില്‍പ്പെട്ട കെട്ടിടങ്ങള്‍ക്ക് മാലിന്യനിര്‍മ്മാര്‍ജ്ജന സൗകര്യങ്ങള്‍ ഒരുക്കുന്നുവെങ്കില്‍ നികുതിയിളവ് അനുവദിക്കുന്നതിന് സര്‍ക്കാര്‍ തീരുമാനിച്ചിട്ടുണ്ടോ ; ഇത് നഗരസഭയുടെ സാമ്പത്തിക സ്ഥിതി വഷളാക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ; നികുതി ഇനത്തില്‍ നഗരസഭക്ക് ഉണ്ടാകുന്ന കുറവ് നികത്താന്‍ സര്‍ക്കാര്‍ നടപടിയെടുക്കുമോ ;

(ഡി) സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് സര്‍ക്കാര്‍ തലത്തില്‍ സ്വീകരിച്ച നടപടികള്‍ എന്തെല്ലാമെന്നറിയിക്കുമോ ?

**കേരള നിയമസഭ**
**21.12.2012–ലെ മറുപടിക്ക്**

<u>മലയാളഭാഷക്ക് ശ്രേഷ്ഠപദവി</u>

T 279 ശ്രീ. പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയാളഭാഷയ്ക്ക് ശ്രേഷ്ഠ ഭാഷാ പദവി ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതുമായി ബന്ധപ്പെട്ട് സജ്ജമായിട്ടുള്ള വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചുവോ; വിശദാംശങ്ങൾ നല്കുമോ ;

(സി) പ്രസ്തുത റിപ്പോർട്ടിന്മേൽ കേന്ദ്ര ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
# 21.12.2012-ലെ മറുപടിക്ക്

ടാക്സ് മാപ്പിംഗ് സംവിധാനം

*280 ശ്രീ. എസ്. ശർമ്മ
,, എ. കെ. ബാലൻ
,, ബാബു എം. പാലിശ്ശേരി
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെട്ടിട നികുതി വ്യവസ്ഥകൾ മാറ്റാനും നികുതി വർദ്ധിപ്പിക്കാനും ഉദ്ദേശിക്കുന്നുണ്ടോ; ഇത് സംബന്ധമായ നിർദ്ദേശങ്ങൾ വിശദമാക്കാമോ ;

(ബി) നികുതി പുതുക്കാനുള്ള മാനദണ്ഡങ്ങൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ ;

(സി) നികുതി വർദ്ധനയിലൂടെ ലക്ഷ്യം വയ്ക്കുന്ന അധിക വരുമാനം എത്ര ശതമാനമാണ് ; ടാക്സ് മാപ്പിംഗ് സംവിധാനം എത്ര പഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ട് ?

# കേരള നിയമസഭ
## 21.12.2012–ലെ മറുപടിക്ക്

<u>പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലെ മാറ്റം</u>

*281 ശ്രീ. പി. റ്റി. എ. റഹീം
,, പി. ശ്രീരാമകൃഷ്ണൻ
,, കെ. സുരേഷ് കുറുപ്പ്
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(ബി) പുതിയ ആസൂത്രണ മാർഗ്ഗരേഖയിലെ പോരായ്മകൾ ഏതെങ്കിലും തരത്തിൽ പദ്ധതി രൂപീകരണത്തെ ബാധിച്ചിട്ടുണ്ട് എന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ;

(സി) മാർഗ്ഗരേഖ സംബന്ധിച്ച് ബന്ധപ്പെട്ടവർക്ക് പരിശീലനം നൽകുന്നതിന് വീഴ്ച സംഭവിച്ചിട്ടുണ്ടെന്ന് കരുതുന്നുണ്ടോ ?

# കേരള നിയമസഭ
## 21.12.2012–ലെ മറുപടിക്ക്

സമ്പൂർണ്ണ ജൈവസംസ്ഥാനമാക്കി മാറ്റുന്ന പദ്ധതി

*282 ശ്രീ. പി. സി. വിഷ്ണുനാഥ്
,, അൻവർ സാദത്ത്
,, വി. പി. സജീന്ദ്രൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സമ്പൂർണ്ണ ജൈവ സംസ്ഥാനമാക്കി മാറ്റുന്നതിനുളള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനവും എന്തൊക്കെയാണ്;

(സി) സംസ്ഥാനത്തിനുവേണ്ട പച്ചക്കറികളും മറ്റ് അവശ്യസാധനങ്ങളും ഉൽപ്പാദിപ്പിച്ച് സ്വയം പര്യാപ്തത നേടാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ വിഭാവന ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്ന നടപടി</u>

*283 ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടത് ആവശ്യമാണെന്നു കരുതുന്നുവോ ; വ്യക്തമാക്കുമോ ;

(ബി) മണ്ണുസംരക്ഷണ മേഖലയിൽ സർക്കാരിന്റെ ഇടപെടൽ എത്രത്തോളം കാര്യക്ഷമമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾക്കുള്ള സാമ്പത്തിക സഹായം പാടശേഖര സമിതികൾക്കും കർഷകർക്കും വ്യക്തിഗതമായി നല്കുന്നത് എത്രത്തോളം ഗുണകരമാകും എന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) ഇപ്രകാരം നേരിട്ടു സാമ്പത്തിക സഹായം നല്കുന്നത് ഫലപ്രദമെങ്കിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 21.12.2012–ലെ മറുപടിക്ക്

<u>ദത്ത് നൽകൽ ചട്ടങ്ങൾ</u>

*284 ശ്രീ.എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടികളെ ദത്ത് നൽകൽ ചട്ടങ്ങളിൽ ഇളവ് നൽകിക്കൊണ്ട് സംസ്ഥാന സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇത് കുട്ടികളെ ഉപേക്ഷിക്കാൻ അമ്മമാർക്കും അനധികൃതമായി കുട്ടികളെ വിൽക്കാൻ മാഫിയകൾക്കും സൗകര്യമൊരുക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) എങ്കിൽ ഇത് ഫലപ്രദമായി തടയുന്നതിന് സർക്കാർ സ്വീകരിച്ച മാർഗ്ഗങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 21.12.2012–ലെ മറുപടിക്ക്

സംസ്ഥാനത്തെ നഗരസഭകളിലേയും
മുനിസിപ്പാലിറ്റികളിലേയും പദ്ധതി നിര്‍വ്വഹണം

*285 ശ്രീ. എം. ഹംസ
ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. കെ. ദാസന്‍
'' ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ നഗരസഭകളിലേയും മുനിസിപ്പാലിറ്റികളിലെയും പദ്ധതി നിര്‍വ്വഹണം സംബന്ധിച്ച അവലോകനം നടത്തിയിട്ടുണ്ടോ ; എങ്കില്‍ വിശദാംശങ്ങള്‍ നല്‍കുമോ ;

(ബി) പദ്ധതി നിര്‍വ്വഹണം തൃപ്തികരമാണെന്ന് കരുതുന്നുണ്ടോ ; ഇല്ലെങ്കില്‍ ആയതിനുള്ള കാരണങ്ങള്‍ പരിശോധിച്ചിട്ടുണ്ടോ ;

(സി) നടപ്പു വാര്‍ഷിക പദ്ധതി നിര്‍വ്വഹണത്തിനായി എത്ര ഗഡുക്കളായി എന്തു തുക നാളിതുവരെ മുനിസിപ്പാലിറ്റികള്‍ക്കും കോര്‍പ്പറേഷനുകള്‍ക്കും നല്‍കിയെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

പഞ്ചായത്ത് ഓഫീസുകളിലെ ഫ്രണ്ട് ഓഫീസ് സംവിധാനം

*286 ശ്രീ. ഹൈബി ഈഡൻ
,, സണ്ണി ജോസഫ്
,, എം. എ. വാഹിദ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുവാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) പ്രസ്തുത ഓഫീസുകളുടെ ഉദ്ദേശ്യവും പ്രവർത്തന രീതിയും എന്തൊക്കെയാണ് ;

(സി) ഏതെല്ലാം സേവനങ്ങളാണ് പ്രസ്തുത ഓഫീസുകൾ വഴി ജനങ്ങൾക്ക് ലഭ്യമാക്കുന്നത് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 21.12.2012–ലെ മറുപടിക്ക്

<u>വിത്തുകൾക്ക് സബ്സിഡി ലഭ്യമാക്കൽ</u>

*287 ശ്രീ. ജോസഫ് വാഴക്കൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കർഷകർ വികസിപ്പിക്കുന്ന വിത്തുകൾക്ക് സബ്സിഡി നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സബ്സിഡി നൽകുന്നതിന് മാനദണ്ഡങ്ങൾ ഏർപ്പെടുത്തുവാനുദ്ദേശിക്കുന്നുണ്ടോ;

(സി) വിത്തുകളുടെ ഗുണനിലവാരം ആരാണ് പരിശോധിക്കുന്നത്;

(ഡി) ജി. എം. വിത്തുകളുടെ ഗുണനിലവാരം എങ്ങനെയാണ് പരിശോധിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>വളത്തിന്റെ വില വർദ്ധനവ്</u>

*288 ശ്രീ. ബി. ഡി. ദേവസ്സി
,, കോടിയേരി ബാലകൃഷ്ണൻ
,, എ. എം. ആരിഫ്
,, ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വളത്തിന്റെ വിലയിൽ തുടരെ ഉണ്ടാകുന്ന വർദ്ധനവ് സംസ്ഥാനത്തിന്റെ കാർഷികോല്പാദനത്തെ എത്രത്തോളം ബാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) കാർഷികോത്പന്നങ്ങൾക്ക് ന്യായവില ലഭിക്കാത്ത സാഹചര്യം നിലനിൽക്കെ ഉല്പാദന ചെലവ് വർദ്ധിക്കുന്നത് കർഷകരെ പ്രതിസന്ധിയിലാക്കിയിരിക്കുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കൃഷിക്കാർക്ക് കുറഞ്ഞ വിലയ്ക്ക് വളം ലഭ്യമാക്കാൻ പുതുതായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പരിഹാര നടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>സേവനങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നതിന് നടപടി</u>

*289 ശ്രീ. കെ. ശിവദാസൻ നായർ
,, കെ. മുരളീധരൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്ഥാപനങ്ങൾ വഴിയുള്ള സേവനങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നതിന് എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്;

(ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത സംവിധാനം നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം സേവനങ്ങളാണ് ഡിജിറ്റൈസ് ചെയ്യുന്നതുവഴി ജനങ്ങൾക്ക് ലഭിക്കുന്നത്; വിശദമാക്കുമോ?

**കേരള നിയമസഭ**
**21.12.2012–ലെ മറുപടിക്ക്**

<u>കാർഷികവിളകളുടെ വില നിലവാരം</u>

*290 ശ്രീ. റ്റി. വി. രാജേഷ്
,, എളമരം കരീം
,, എസ്. ശർമ്മ
,, പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക വിളകളുടെ വില നിലവാരം സംബന്ധിച്ച് കൃഷി വകുപ്പ് അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) ഉല്പാദന ചെലവിൽ ഉണ്ടായ വർദ്ധനയുടെ അടിസ്ഥാനത്തിൽ കൃഷിക്കാർ നേരിടുന്ന പ്രയാസങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(സി) രാസവളങ്ങളുടെ വില ഉൾപ്പടെ ഉല്പാദന ചെലവിൽ ഉണ്ടായ വർദ്ധനവും ഇപ്പോഴത്തെ വിളകളുടെ വിലയും തമ്മിൽ പൊരുത്തപ്പെടുന്നുണ്ടോ;

(ഡി) ഏതെങ്കിലും കൃഷി ഇപ്പോൾ കൃഷിക്കാരന് ലാഭകരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഇ) ഉല്പാദനചെലവിലെ വർദ്ധനയോടൊപ്പം കൃഷിക്കാരൻ നേരിടുന്ന മറ്റ് ബുദ്ധിമുട്ടുകൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 21.12.2012–ലെ മറുപടിക്ക്

<u>കാർഷിക വിളകളുടെ ഉദ്പാദനത്തിലെ കുറവ്</u>

*291 ശ്രീ. കെ.കെ. ജയചന്ദ്രൻ
,, ഇ. പി. ജയരാജൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലവർഷത്തിലെ താളപ്പിഴ സംസ്ഥാനത്തിന്റെ കാർഷിക മേഖലയെ ഏതെല്ലാം തരത്തിൽ ബാധിച്ചിട്ടുണ്ട് എന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) ഏതെല്ലാം കാർഷിക വിളകളുടെ ഉദ്പാദനത്തിലാണ് കുറവ് സംഭവിക്കാനിടയുള്ളതെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ ഇത് എത്രത്തോളം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) പ്രതികൂല സാഹചര്യത്തിലും കൃഷി ഇറക്കിയ പാലക്കാട്ടെ നെൽകർഷകരും അതുപ്പോലെയുള്ളവരും നേരിടുന്ന പ്രയാസങ്ങൾ പരിഹരിക്കാൻ എന്തു നടപടി എടുത്തിട്ടുണ്ട്; വിശദമാക്കാമോ ?

# കേരള നിയമസഭ
## 21.12.2012–ലെ മറുപടിക്ക്

നഗരങ്ങളിൽ ബഹുനില കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ അവയുടെ വിശദാംശങ്ങൾ പരസ്യപ്പെടുത്തുന്നതിനുള്ള നടപടി

*292 ശ്രീ. അൻവർ സാദത്ത്
,, വി. ഡി. സതീശൻ
,, ഹൈബി ഈഡൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ ബഹുനില കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ അവയുടെ വിശദാംശങ്ങൾ പരസ്യപ്പെടുത്തുന്നതിന് ഉത്തരവിറക്കിയിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) ആയത് കൃത്യമായി പാലിക്കപ്പെടുന്നുണ്ടോ എന്നറിയാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുന്നതിന് നടപടി

*293 ശ്രീ. മോൻസ് ജോസഫ്
,, റ്റി.യു. കുരുവിള
,, സി.എഫ്. തോമസ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കർഷകകടാശ്വാസ കമ്മീഷന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുന്നതിന് എന്തൊക്കെ പുതിയ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം കർഷക കടാശ്വാസ കമ്മീഷൻ വഴി നൽകിയ സഹായങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) കടാശ്വാസ കമ്മീഷന് കൂടുതൽ അധികാരങ്ങളും പ്രവർത്തനത്തിന് കൂടുതൽ ഫണ്ടും അനുവദിക്കുന്നതിന് നടപടികൾ ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>തരിശു പാടശേഖരങ്ങൾ കൃഷിയോഗ്യമാക്കാൻ നടപടി</u>

*294 ശ്രീ. മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തരിശിട്ടിരിക്കുന്ന പാടശേഖരത്തിൽ കൃഷി ആരംഭിക്കാൻ എന്തെല്ലാം പദ്ധതിയാണുള്ളത്;

(ബി) ഏതെങ്കിലും പ്രദേശത്തെ തരിശുരഹിതമായി പ്രഖ്യാപിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ ഏതെന്ന് വ്യക്തമാക്കുമോ;

(സി) മുൻ സർക്കാരിന്റെ തരിശുരഹിത കേരളം എന്ന പ്രഖ്യാപിതനയവുമായി മുൻപോട്ട് പോകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ഇ) കേരളത്തിൽ കൃഷിചെയ്യാതെ തരിശിട്ടിരിക്കുന്ന പാടശേഖരത്തിന്റെ വിസ്തൃതി എത്രയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 21.12.2012–ലെ മറുപടിക്ക്

കുടുംബശ്രീക്ക് ലഭിക്കുന്ന സഹായങ്ങൾ

*295 ശ്രീമതി പി. അയിഷാപോറ്റി
ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. എ.കെ. ബാലൻ
,, കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംരംഭ പ്രവർത്തനങ്ങളിൽ സഹായിക്കുന്ന കുടുംബശ്രീ, പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകുന്നതിന് ഇപ്പോൾ നേരിടുന്ന പ്രയാസങ്ങൾ എന്തൊക്കെയാണ് ; ധനകാര്യ സ്ഥാപനങ്ങളുടെ പിന്തുണ പൂർണ്ണമായും ആർജ്ജിക്കാൻ സാദ്ധ്യമാകുന്നുണ്ടോ ;

(ബി) പ്രാദേശിക വിഭവങ്ങളെ സാങ്കേതിക സഹായത്തോടെ ധനകാര്യസ്ഥാപനങ്ങളുടെ പിന്തുണയോടെ വളർത്തിയെടുക്കുന്നതിന് കുടുംബശ്രീയെ പ്രാപ്തമാക്കാൻ സർക്കാർ നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണ് ; അവയിൽ കാലികമായ വർദ്ധന ഉണ്ടായിട്ടുണ്ടോ ;

(സി) സാമുദായിക സന്നദ്ധ സംഘടനകൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകാൻ തയ്യാറാകുന്ന ചില ബാങ്കുകൾ കുടുംബശ്രീകളിൽ നിന്ന് കൂടിയ നിരക്കിൽ പലിശ ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ വിവേചനത്തിനെതിരെ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ?

# കേരള നിയമസഭ
## 21.12.2012–ലെ മറുപടിക്ക്

<u>വനിതാകമ്മീഷന്റെ പ്രവര്‍ത്തനങ്ങള്‍</u>

*296 ശ്രീ. കെ. രാധാകൃഷ്ണന്‍
ശ്രീമതി കെ. കെ. ലതിക
,, കെ. എസ്. സലീഖ
ഡോ. കെ. ടി. ജലീല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വനിതാകമ്മീഷന്റെ പ്രവര്‍ത്തനങ്ങള്‍ വിലയിരുത്തിയിട്ടുണ്ടോ; കമ്മീഷന് ലഭിച്ച പരാതികളില്‍ യഥാസമയം നടപടികള്‍ ഉണ്ടാകുന്നുവെന്ന് ഉറപ്പാക്കിയിട്ടുണ്ടോ ; തീര്‍പ്പ് കല്പിക്കാത്ത പരാതികളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങള്‍ വെളിപ്പെടുത്താമോ ;

(ബി) സ്ത്രീകള്‍ നേരിടുന്ന പ്രശ്നങ്ങള്‍ പരിഹരിക്കുന്ന കാരൃത്തില്‍ വനിതാകമ്മീഷന്റെ പ്രവര്‍ത്തനങ്ങള്‍ ഫലപ്രദമല്ലെന്ന ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 21.12.2012–ലെ മറുപടിക്ക്

<u>നീര ഉല്പാദനം</u>

*297 ശ്രീ. പുരുഷൻ കടലുണ്ടി
,, വി. ചെന്താമരാക്ഷൻ
പ്രൊ. സി. രവീന്ദ്രനാഥ്
ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തെങ്ങ് ചെത്തി നീര ഉല്പാദിപ്പിക്കാൻ കർഷകർക്ക് അനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) സംസ്ഥാനത്ത് നിലവിലുള്ള തെങ്ങുകളുടെ എണ്ണം സംബന്ധിച്ചും അതിൽ നിന്ന് നീര ഉല്പാദിപ്പിക്കാനുള്ള സാധ്യത സംബന്ധിച്ചും ലഭ്യമായ വിവരങ്ങൾ വെളിപ്പെടുത്തുമോ ;

(സി) തെങ്ങിൽ നിന്നും നീര ഉല്പാദിപ്പിച്ച് ശേഖരിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമുള്ള എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ ; എങ്കിൽ വിശദമാക്കാമോ ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

ഇ. എം. എസ്. പാർപ്പിട പദ്ധതി

*298 ശ്രീ. ജി. സുധാകരൻ
,, റ്റി. വി. രാജേഷ്
,, സാജു പോൾ
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ. എം.എസ്. പാർപ്പിട പദ്ധതിയുടെ നടത്തിപ്പ് അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം എത്ര പേർക്ക് വീട് വെച്ച് നൽകാനായിരുന്നു ഉദ്ദേശിച്ചിരുന്നത്; എത്ര പേർക്ക് വീട് നൽകുകയുണ്ടായി;

(സി) പ്രസ്തുത പദ്ധതി പ്രകാരം നിർമ്മാണം ആരംഭിച്ചവയിൽ ഇനിയും നിർമ്മാണം പൂർത്തിയാകാത്തവയുണ്ടോ; എങ്കിൽ കാരണമെന്താണ്;

(ഡി) ഈ പദ്ധതി സർക്കാർ നിർത്തലാക്കിയിട്ടുണ്ടെങ്കിൽ ആയതിനുണ്ടായ സാഹചര്യം വെളിപ്പെടുത്താമോ; മുൻപ് കരാറിൽ ഏർപ്പെട്ട എല്ലാ ഉപഭോക്താക്കൾക്കും ധനസഹായം നൽകിയിട്ടുണ്ടോ?

# കേരള നിയമസഭ
# 21.12.2012–ലെ മറുപടിക്ക്

<u>അനാഥാലയങ്ങളിലെ അന്തേവാസികളുടെ സംരക്ഷണം</u>

*299 ശ്രീ. എൻ. ഷംസുദ്ദീൻ
,, അബ്ദുറഹിമാൻ രണ്ടത്താണി
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ പുവർഹോമുകളടക്കമുള്ള അനാഥാലയങ്ങളിലെ അന്തേവാസികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്ന കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) അന്തേവാസികളെ മർദ്ദിക്കുക, പീഡനങ്ങൾക്കിരയാക്കുക എന്നീ ക്രൂരതകൾ ചിലപ്പോഴെങ്കിലും സംഭവിക്കാറുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം സ്ഥാപനങ്ങളുടെ ചുമതലക്കാർക്ക് അന്തേവാസികളുടെ സംരക്ഷണം സംബന്ധിച്ച് പ്രത്യേക പരിശീലനം നൽകാറുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ;

(ഡി) ഇത്തരം സ്ഥാപനങ്ങളിൽ അടിക്കടി പരിശോധന നടത്താനും, ക്രമക്കേടുകൾ കണ്ടാൽ അപ്പപ്പോൾ നടപടി സ്വീകരിക്കാനും സ്ഥിരം സംവിധാനം ഏർപ്പെടുത്തുമോ ?

# കേരള നിയമസഭ
# 21.12.2012–ലെ മറുപടിക്ക്

<u>ബ്ലോക്ക് പഞ്ചായത്തുകളുടെ സാമ്പത്തിക ബാദ്ധ്യത അധികരിക്കുന്നതായ സ്ഥിതിവിശേഷം</u>

*300 ശ്രീ. കെ. കെ. നാരായണൻ
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ)
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകളുടെ സാമ്പത്തിക ബാദ്ധ്യത അധികരിക്കുന്നതായ സ്ഥിതി വിശേഷം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനുളള കാരണങ്ങളെ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) ബ്ലോക്ക് പഞ്ചായത്തുകൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം
2012 ഡിസംബർ 12.

പി. ഡി. ശാരംഗധരൻ,
സെക്രട്ടറി

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.